## കാറ്റഗറി നമ്പർ : 37/2021
## രണ്ടാം എൻ.സി.എ വിജ്ഞാപനം

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തെരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ വിശ്വകർമ്മ സംവരണ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഓൺലൈനായി ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

**1. വകുപ്പ്** : കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ലിമിറ്റഡ്

**2. ഉദ്യോഗപ്പേര്** : സിനി അസിസ്റ്റന്റ്

**3. ശമ്പളം** : ₹ 3050–5230/-(PR)

**4. ഒഴിവുകളുടെ എണ്ണം** : എൻ.സി.എ – വിശ്വകർമ്മ – 01 (ഒന്ന്)

**<u>കുറിപ്പ് :-</u>**

(1) മുകളിൽ കാണിച്ചിട്ടുള്ള ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് പട്ടിക, ഈ തസ്തികയുടെ 10.09.2012 തിയ്യതിയിൽ നിലവിൽ വന്ന റാങ്ക് പട്ടികയുടെ (കാറ്റഗറി നമ്പർ 118/2008) വിശ്വകർമ്മ സംവരണ സമുദായത്തിന് നീക്കി വെച്ചിട്ടുള്ള ഒഴിവുകളിലേക്കും ആ സമുദായത്തിലുള്ള ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാതെ വരുന്ന ഒഴിവുകളിലേക്കും നിയമന ശുപാർശയും നിയമനവും നടത്തുന്നത് വരെ പ്രാബല്യത്തിലുണ്ടായിരിക്കുന്നതാണ്. കാറ്റഗറി നമ്പർ 11/2017 (ഗസറ്റ് തീയ്യതി.28.02.2017 ) പ്രകാരമുള്ള ഒന്നാം എൻ.സി.എ വിജ്ഞാപനപ്രകാരം പ്രസ്തുത സമുദായത്തിലെ അർഹരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനാലുള്ള രണ്ടാം എൻ.സി.എ വിജ്ഞാപനമാണിത്.

(2) മുകളിൽ പറയുന്ന തസ്തികയിലേയ്ക്കുള്ള നിയമനത്തിനുള്ള ഏതു ശിപാർശയും പിന്നീട് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടാൽ റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കേരള പബ്ലിക് സർവീസ് കമ്മിഷന് ഉണ്ടായിരിക്കുന്നതാണ്. നിയമന ശിപാർശ റദ്ദ് ചെയ്താൽ ഉടൻ നിയമനാധികാരി ആ ഉദ്യോഗാർത്ഥിയുടെ സേവനം അവസാനിപ്പിക്കേണ്ടതാണ്. എന്നാൽ നിയമന ശിപാർശ റദ്ദാക്കുകയും സേവനം അവസാനിപ്പിക്കുകയും ചെയ്യുന്നത് ഉദ്യോഗാർത്ഥിയുടെ പ്രൊബേഷൻ കാലമോ, ജോലിയിൽ പ്രവേശിച്ചശേഷം 240 ദിവസമോ ഏതാണോ ആദ്യം പൂർത്തിയാകുന്നത് ആ കാലയളവിനുള്ളിലായിരിക്കണം

5. നിയമന രീതി : നേരിട്ടുള്ള നിയമനം വിശ്വകർമ്മ വിഭാഗത്തിൽ പെട്ട ഉദ്യോഗാർത്ഥികളിൽ നിന്ന് മാത്രം)

(വിശ്വകർമ്മ വിഭാഗത്തിൽ അല്ലാത്ത ഉദ്യോഗാർത്ഥികളിൽ സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. അത്തരം ഉദ്യോഗാർത്ഥികൾക്ക് നിരസന അറിയിപ്പ് പ്രത്യേകം നൽകുന്നതല്ല.)

**6.** പ്രായപരിധി : 18–39; ഉദ്യോഗാർത്ഥികൾ 02.01.1982 നും 01.01.2003 നും ഇടയിൽ ജനിച്ചവരായിരിക്കണം. (രണ്ടു തീയതികളും ഉൾപ്പെടെ). (പൊതുവ്യവസ്ഥകളിലെ പാർട്ട് 2–ലെ ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ) (വയസ്സിളവിനെ

സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2-ലെ പൊതുവ്യവസ്ഥകൾ കാണുക).ഖണ്ഡിക 2(i) ഒഴികെ)

7. യോഗ്യതകൾ : a) എസ്.എസ്.എൽ.സി അഥവാ തത്തുല്ല്യ യോഗ്യത

b) ഒരു പ്രശസ്ത ഫിലിം സ്റ്റുഡിയോയിലെ ക്യാമറാ സെക്ഷനിൽ രണ്ട്

വർഷത്തെ പരിചയം.

**കുറിപ്പ്:-** പ്രസ്തുത സ്ഥാപനത്തിൽ പ്രൊവിഷണലായി ജോലി നോക്കിയിട്ടുള്ളവർ ആദ്യത്തെ പ്രൊവിഷണൽ നിയമനക്കാലത്ത് നിശ്ചിത പ്രായപരിധി കഴിഞ്ഞിരുന്നില്ലെങ്കിൽ അവരുടെ പ്രൊവിഷണൽ സർവ്വീസിന്റെ ദൈർഘ്യത്തോളം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിക്കുന്നതാണ്. എന്നാൽ പരമാവധി അഞ്ചുവർഷക്കാലം മാത്രമേ ഈ ആനുകൂല്യം ലഭിക്കുകയുള്ളൂ. ടി സ്ഥാപനത്തിൽ റഗുലർ ഉദ്യോഗം വഹിക്കുന്നവർക്ക് വീണ്ടും മറ്റൊരു നിയമനത്തിന് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. പ്രൊവിഷണൽ സർവ്വീസുള്ളവർ സർവ്വീസിന്റെ ദൈർഘ്യം കാണിക്കുന്ന സർട്ടിഫിക്കറ്റ് വാങ്ങി കൈവശം സൂക്ഷിക്കേണ്ടതും കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കേണ്ടതുമാണ്. അവർ റഗുലർ സർവ്വീസിലല്ല ജോലി നോക്കിയിരുന്നതെന്ന് സർട്ടിഫിക്കറ്റിൽ പ്രത്യേകം പറഞ്ഞിരിക്കണം.

(വയസ്സിളവിനെ സംബന്ധിച്ച മറ്റുവ്യവസ്ഥകൾക്ക് ഈ വിജ്ഞാപനത്തിലെ പാർട്ട് 2-ലെ പൊതുവ്യവസ്ഥകൾ ഖണ്ഡിക 2(vi),(vii), (xii)നോക്കുക.)

**Note:-**

(1) KS & SSR പാർട്ട് II റൂൾ 10 (a) ii ബാധകമാണ്.

(2) വിജ്ഞാപന പ്രകാരമുള്ള യോഗ്യതകളുടെ തത്തുല്യയോഗ്യത അവകാശപ്പെട്ട് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ടി യോഗ്യതയുടെ തത്തുല്യത തെളിയിക്കുന്ന സർക്കാർ ഉത്തരവ് വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കിയാൽ മാത്രമേ പ്രസ്തുത യോഗ്യത തത്തുല്യമായി പരിഗണിക്കുകയുള്ളൂ.

(3) ഉദ്യോഗാർത്ഥികളുടെ SSLC ബുക്കിലെ ജാതി സംബന്ധിച്ച രേഖപ്പെടുത്തലിൽ വ്യത്യാസം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉദ്യോഗാർത്ഥികൾ ശരിയായ ജാതി അപേക്ഷയിൽ അവകാശപ്പെടുകയും ആയത് തെളിയിക്കുന്നതിനുള്ള ബന്ധപ്പെട്ട റവന്യൂ അധികാരി നൽകുന്ന ജാതി സർട്ടിഫിക്കറ്റ് / നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഇതു സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം എന്നിവ വെരിഫിക്കേഷൻ സമയത്ത് ഹാജരാക്കുകയും ചെയ്യേണ്ടതാണ്.

(4) വിദ്യാഭ്യാസം,പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശ വാദം ഉന്നയിച്ച് അപേക്ഷ നൽകിയ ശേഷം പരീക്ഷക്ക് Confirmation നൽകിയിട്ട് ഹാജരാകുകയോ ഹാജരാകാതിരിക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ KPSC Rules of procedure Rule 22 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രവൃത്തിപരിചയ സർട്ടിഫിക്കറ്റ് താഴെപ്പറയുന്ന മാതൃകയിലായിരിക്കണം .

## പരിചയ സർട്ടിഫിക്കറ്റ്

സ്ഥാപനത്തിന്റെ പേര് (ഫിലിം സ്റ്റുഡിയോ) :
രജിസ്റ്റർ നമ്പർ (എസ്.എസ്.ഐ രജിസ്ട്രേഷൻ
അല്ലെങ്കിൽ മറ്റേതെങ്കിലും രജിസ്ട്രേഷൻ നമ്പർ) :
സ്ഥാപനം രജിസ്റ്റർ ചെയ്ത തീയതിയും
എവിടെ രജിസ്റ്റർ ചെയ്തു എന്നും :

ശ്രീ./ശ്രീമതി ........................................................................................................................ (അപേക്ഷകന്റെ പേരും മേൽവിലാസവും) ഈ സ്ഥാപനത്തിൽ ........................................................................................................ (സ്ഥാപനത്തിന്റെപേര്) .............................................. മുതൽ ........................................ വരെ (കാലയളവ് വ്യക്തമാക്കണം) ക്യാമറാ സെക്ഷനിൽ ....................................................................................................... തസ്തികയിൽ സ്ഥിരമായി/താല്കാലികമായി/അപ്രന്റീസായി/ട്രെയിനി/ ദിവസ വേതനം (ട്രേഡ് ഉൾപ്പെടെയുള്ള ജോലിയുടെ പേര്) ആയി പ്രതിമാസം..................................................... രൂപ ശമ്പള നിരക്കിൽ ജോലി ചെയ്തിട്ടുണ്ട്/ചെയ്തു വരികയാണ് എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

തിയ്യതി: സർട്ടിഫിക്കറ്റ് നൽകുന്ന വ്യക്തിയുടെ
*സ്ഥലം:* *തീയതി സഹിതമുള്ള ഒപ്പ് പേര്,*
*ഔദ്യോഗിക പദവി സ്ഥാപനത്തിന്റെ പേര്*

(ഓഫീസ് മുദ്ര)

## സാക്ഷ്യപത്രം

മേൽ പരിചയ സർട്ടിഫിക്കറ്റിൽ പരാമർശിക്കുന്ന ശ്രീ/ശ്രീമതി ...... ................................................................................................................... (അതിൽ പറയുന്ന കാലയളവിൽ) ടി സ്ഥാപനത്തിൽ/സ്റ്റുഡിയോയിൽ .................................................................. തസ്തികയിൽ ജോലി ചെയ്തതായി/ ചെയ്യുന്നതായി ........................................................................................... നിയമപ്രകാരം /ചട്ടപ്രകാരം സ്ഥാപനമുടമ സൂക്ഷിക്കേണ്ട രജിസ്റ്റർ . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . (രജിസ്റ്ററിന്റെ പേര് വ്യക്തമാക്കണം ) പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഇതിൽ പറഞ്ഞിട്ടുള്ള കാലയളവിൽ ടി സ്ഥാപനത്തിൽ ടിയാൾ ജോലി ചെയ്തിരുന്നു/ ജോലി ചെയ്യുന്നു എന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

ഞാൻ കേരള/കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച . . . . . . . . . . . . . . . . . . . . . . . . . എന്ന ചട്ടപ്രകാരം /നിയമപ്രകാരം ടി സ്ഥാപനത്തിലെ ജീവനക്കാരുടെ സേവന വ്യവസ്ഥകളെ സംബന്ധിച്ച് സ്ഥാപന ഉടമ സൂക്ഷിക്കേണ്ട രജിസ്റ്റർ പരിശോധിക്കുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനാണ്

തീയതി : സാക്ഷ്യപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ *തീയതി*
*സ്ഥലം :* *സഹിതമുള്ള ഒപ്പ്,പേര്,ഉദ്യോഗപ്പേര്,ഓഫീസ്*

(ഓഫീസ് മുദ്ര)

**കുറിപ്പ്** : പരിചയ സർട്ടിഫിക്കറ്റിന്റെ സത്യാവസ്ഥ പരിശോധനയ്ക്ക് വിധേയമാക്കുന്നതും വ്യാജ സർട്ടിഫിക്കറ്റ് നൽകുന്നവരുടേയും അത് ഹാജരാക്കുന്ന ഉദ്യോഗാർത്ഥികളുടെയും പേരിൽ നിയമാനുസൃതമായ നടപടി കൈക്കൊള്ളുന്നതുമാണ്.

**കുറിപ്പ് :**

1. പ്രവൃത്തിപരിചയം സംബന്ധിച്ച വിശദാംശം രേഖപ്പെടുത്തുകയും മേൽ സൂചിപ്പിച്ച മാതൃകയിൽ പരിചയസർട്ടിഫിക്കറ്റിന്റെ Scanned Image Upload ചെയ്യുകയും ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ അപേക്ഷ സമർപ്പിക്കുവാൻ കഴിയുകയുള്ളു.
2. പ്രായോഗിക പരിചയം അക്കാദമിക് യോഗ്യതയോ അടിസ്ഥാന യോഗ്യതയോ നേടിയതിനു ശേഷവും വിജ്ഞാപന പ്രകാരം പ്രസ്തുത തസ്തികയുടെ അപേക്ഷ സ്വീകരിക്കുന്നതിനായി നിശ്ചയിച്ചിരിക്കുന്ന അവസാന തീയതിക്കു മുമ്പായി നേടിയതുമായിരിക്കണം.
3. എല്ലാ പരിചയ സർട്ടിഫിക്കറ്റുകളും സർക്കാരിന്റെ ബന്ധപ്പെട്ട നിയന്ത്രണാധികാരി/മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതാണ്.
4. പരിചയം സംബന്ധിച്ച വിശദാംശങ്ങൾക്ക് പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 19 കാണുക.
5. ജോലി ചെയ്തിരുന്ന തസ്തികയുടെ പേര് അല്ലെങ്കിൽ ജോലിയുടെ സ്വഭാവം അതായത് കാഷ്വൽ തൊഴിലാളി/അപ്രന്റീസ്/സ്ഥിരമോ താൽക്കാലികമോ ആയ തൊഴിലാളി ഇവയിലേതാണോ അത് സൂചിപ്പിക്കണം.

8. **അപേക്ഷകൾ അയക്കേണ്ട രീതി:-**

എ) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷാസമർപ്പണത്തിനുശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത്**

**അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധമായി കമ്മിഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

ബി) ഈ തിരഞ്ഞെടുപ്പിന് എഴുത്ത്/ഒ.എം.ആർ / ഓൺലൈൻ പരീക്ഷ നടത്തുന്നപക്ഷം അർഹതപ്പെട്ട ഉദ്യോഗാർത്ഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റ് , ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈലിൽ ലഭ്യമാക്കുന്നതും ഡൗൺലോഡ് ചെയ്യുന്നതിനുള്ള തീയതി പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തുന്നതുമാണ്. ഈ തീയതി മുതൽ 15 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്യെടുക്കാം. അഡ്മിഷൻ ടിക്കറ്റ് ഡൗൺലോഡ് ചെയ്ത ഉദ്യോഗാർത്ഥികൾക്ക് മാത്രമേ പരീക്ഷ എഴുതുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ. പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് upload ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നതാണ്. നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നല്കേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈലിലും നൽകുന്നതാണ്.

സി) ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ ആധാർ കാർഡ് തിരിച്ചറിയൽ രേഖയായി നൽകേണ്ടതാണ്.

9. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി: **21.04.2021** ബുധനാഴ്ച അർദ്ധരാത്രി 12.00 മണി വരെ

10. അപേക്ഷ സമർപ്പിക്കേണ്ട മേൽവിലാസം: www.keralapsc.gov.in

11. a. പൊതു വ്യവസ്ഥയിലെ രണ്ടാം ഖണ്ഡികയിലെ ii, ,iii, iv, v, viii, ix, x, xi, xiii എന്നീ ഉപഖണ്ഡികകളും 5(a),6,7 എന്നീ ഖണ്ഡികകളും മേൽ പറഞ്ഞ ഉദ്യോഗത്തിന് ബാധകമല്ല.

b. മേൽ പറഞ്ഞ സ്ഥാപനത്തിലേക്കുള്ള നിയമനം അവർ കാലാകാലങ്ങളിൽ വരുത്തുന്ന ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായിരിക്കും.

**സാജു ജോർജ്ജ്**

**സെക്രട്ടറി**

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**